**പതിമൂന്നാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2030** **16.02.2016 ൽ മറുപടിക്ക്**

**ഗതാഗത നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.എൻ. ജയരാജ്<br>ശ്രീ.എം.വി.ശ്രേയാംസ് കുമാർ<br>,, റോഷി അഗസ്റ്റിൻ : | | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, സ്പോർട്സും, സിനിമയും വകുപ്പുമന്ത്രി) | |
| (എ) | ഗതാഗത കുരുക്കിന് പരിഹാരം കാണുന്നതിന് ദീർഘവീക്ഷണ ത്തോടുകൂടിയ ഗതാഗത നയം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുവോ; വിശദാംശങ്ങൾ നൽകുമോ; | (എ) | ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ബി) | നിരത്തുകളിൽ വർദ്ധിച്ചു വരുന്ന വാഹനപ്പെരുപ്പവും റോഡു വികസന കാര്യത്തിലുള്ള പരിമിതികളും കണക്കിലെടുത്ത് റോഡ്-റെയിൽ-ജല ഗതാഗത മാർഗ്ഗങ്ങളുടെ സാധ്യതകൾ ഏകോപിപ്പിച്ചുകൊണ്ടുള്ള ബഹുമുഖ ഗതാഗത സംവിധാനത്തിനു രൂപം നൽകാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | കേന്ദ്ര സർക്കാരിന്റെ നഗരവികസന മന്ത്രാലയം കൊച്ചി മെട്രോ റെയിൽ പദ്ധതിക്കായി 2012 ജൂലൈയിൽ നൽകിയ അനുമതിപത്രത്തിലെ ഒരു വ്യവസ്ഥയാണ് യന്ത്രവത്കൃതമല്ലാത്തതുൾപ്പെടെയുള്ള വിവിധ ഗതാഗത സംവിധാനങ്ങളുടെ ഏകോപനം. തുടർന്ന് കേന്ദ്ര സംസ്ഥാന സർക്കാരുകളും കൊച്ചി മെട്രോ റെയിൽ ലിമിറ്റഡും തമ്മിൽ ഒപ്പു വച്ച ത്രികക്ഷി ധാരണാ പത്രത്തിലും ഈ വ്യവസ്ഥ ഉൾപ്പെടുത്തിയിരുന്നു. ഇതിന്റെ |

| | | | |
|---|---|---|---|
| | | | ഭാഗമായി കേരള യൂണിഫൈഡ് മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ബിൽ 2016 ലുടെ ഒരു നിയമ സംവിധാനം കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇതിലൂടെ സംസ്ഥാനത്തെ നഗരഗതാഗത മേഖലയിലെ ഗതാഗതത്തിന്റെ ആസൂത്രണം, മേൽനോട്ടം, ഏകോപനം, വികസനം, നിയന്ത്രണം എന്നിവയ്ക്കും അത്തരത്തിലുള്ള നഗര ഗതാഗത പ്രദേശങ്ങളിലുള്ള ഗതാഗത അനുബന്ധ സേവനങ്ങൾക്കും വേണ്ടി ഏകികൃത മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റികൾ രൂപീകരിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നു. തുടക്കത്തിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളെയാണ് ഈ സംവിധാനത്തിൽ കീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ